# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 5137/11/12/2023/റ്റി വി എം.**

പരാതിക്കാരൻ : സച്ചിൻ അശോക് പിള്ള.
email : sachinasokpillay@ gmail.com.

എതിർകക്ഷി :

**ഉത്തരവ് തീയതി : 13-11-2024.**

1. മനു.ജി.രാജൻ എന്ന വ്യക്തിയുടെ തിരുവനന്തപുരം നഗരസഭയിൽ ഉള്ള കെട്ടിടങ്ങൾ അനധികൃത നിർമ്മാണം ആണെന്ന് ആരോപിച്ച ഹർജിക്കാരൻ നഗരസഭയിലും മറ്റും പരാതി നൽകിയെന്നും അതിന്റെ പേരിൽ മനുവും ടിയാന്റെ കൂട്ടാളികളും ഹർജിക്കാരന്റെ പേരിൽ പോലീസിലും മറ്റും വ്യാജ പരാതി കൊടുക്കുമെന്ന് ഭയക്കുന്നെന്നും മറ്റുമാണ് ആവലാതി.

2. മോശമായ പ്രവർത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് എതിർക്കക്ഷിക്ക് കർശന നിർദേശം നൽകിയിട്ടുണ്ടെന്നും എതിർകക്ഷിയിൽ നിന്നും ഭീഷണിയുണ്ടെങ്കിൽ ഹർജിക്കാരൻ ആവശ്യപ്പെടുന്ന മുറയ്ക്ക് പോലീസ് സഹായം നൽകി നിയമനടപടികൾ സ്വീകരിക്കുമെന്നും മാനഹാനി സംബന്ധിച്ച പരാതി ഉണ്ടെങ്കിൽ ഹർജിക്കാരന് കോടതി മുഖാന്തരം നടപടി സ്വീകരിക്കാവുന്നതാണെന്നുമാണ് ഈ പരാതിയിൽ കൻേറാൺമെൻറ് പോലീസ് ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർ 6..12..2023 തീയതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

3.. റിപ്പോർട്ടിനെതിരെ ആക്ഷേപം ഉണ്ടെങ്കിൽ 9..5..2024 തിയതി കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ആക്ഷേപം സമർപ്പിക്കാൻ ആവശ്യപ്പെട്ട് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം പരാതിക്കാരന് നോട്ടീസ് അയച്ചു. എന്നാൽ ടിയാൻ അന്ന് കമ്മീഷൻ മുമ്പാകെ ഹാജരായില്ല. ആക്ഷേപവും സമർപ്പിച്ചില്ല. നോട്ടീസ് അയച്ചിട്ടും പരാതിക്കാരൻ ഇന്നും കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയോ രേഖാമൂലം ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

പല അവസരങ്ങൾ കൊടുത്തിട്ടും പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരായി രേഖാമൂലം ആക്ഷേപം സമർപ്പിക്കാത്തതിനാൽ ഈ പരാതിയിൽ മറ്റു നടപടികൾ ആവശ്യമില്ല. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി തീർപ്പാക്കുന്നു. പരാതിക്കാരന് ഉത്തരവിന്റെ പകർപ്പ് അയക്കുക

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.